# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5754** **19.11.2019-ൽ മറുപടിയ്ക്ക്**

## സ്കൂൾ വിദ്യാർത്ഥികൾക്കായി സമ്പാദ്യ പദ്ധതി

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സ്കൂൾ വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിന് കെ.എസ്.എഫ്.ഇ. ശാഖകൾ വഴി ഏതെങ്കിലും പ്രോജക്ടുകൾ നിലവിലുണ്ടോ; വിശദീകരിക്കുമോ; | (എ) | സ്കൂൾ വിദ്യാർത്ഥികളിൽ സമ്പാദ്യ ശീലം വളർത്തുന്നതിന് കെ.എസ്.എഫ്.ഇ 'എഡ്യു കെയർ ചിട്ടി' എന്ന പദ്ധതി 2014 ആഗസ്റ്റ് മാസത്തിൽ മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിലെ 3 ശാഖകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചെങ്കിലും പദ്ധതിക്ക് വേണ്ടത്ര സ്വീകാര്യത ലഭിച്ചില്ല. ആലപ്പുഴ ജില്ലയിലെ മുഹമ്മ ശാഖയിലും മലപ്പുറം ജില്ലയിലെ മലപ്പുറം ശാഖയിലും 'എഡ്യു കെയർ ചിട്ടി' കാലാവധി പൂർത്തിയാക്കി. തൃശ്ശൂർ ജില്ലയിലെ ചെമ്പുക്കാവ് ശാഖയിലെ ചിട്ടി 2020 മാർച്ച് മാസത്തിൽ പൂർത്തിയാകും. സ്കൂൾ വിദ്യാർത്ഥികളുടെ സമ്പാദ്യ ശീലം വളർത്തുന്നതിനായി ആകർഷകമായ പുതിയ പദ്ധതികൾക്ക് രൂപം നൽകുന്നതിനായി ചർച്ചകൾ നടന്നു വരുന്നു. |
| (ബി) | ദേശീയ സമ്പാദ്യ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിരുന്ന സ്കൂൾ സമ്പാദ്യ പദ്ധതി ഇപ്പോഴും നിലവിലുണ്ടോ; വിശദീകരിക്കുമോ; | (ബി) & (സി) | ഉണ്ട്. കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പ്രകാരമുള്ള സഞ്ചയികാ പദ്ധതി 01.10.2016 പ്രാബല്യത്തോടെ നിർത്തിവയ്ക്കുന്നതായി കേന്ദ്ര ധനകാര്യ (സാമ്പത്തികകാര്യ) മന്ത്രാലയം സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ 28.09.2016-ലെ സ.ഉ.(സാധാ) നം. 7833/2016/ധന, 21.07.2017-ലെ സ.ഉ (അച്ചടി)നം. 93/2017/ധന എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 'സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം' ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീമിന്റെ വിശദാംശങ്ങൾ / മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>1.സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം ആരംഭിക്കുന്നതിനായി ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനത്തിലെ മേധാവി, |
| (സി) | സ്കൂൾ വിദ്യാർത്ഥികളുടെ കൈയിലെത്തുന്ന പണം അനാവശ്യമായി ചെലവഴിക്കപ്പെടുകയും നിരോധിത പുകയിലയുടെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപഭോഗം വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും സമ്പാദ്യശീലത്തിന്റെയും മിതവ്യയത്തിന്റെയും പാഠങ്ങൾ കുട്ടികളെ മനസ്സിലാക്കിക്കുന്നതിനും | | |

| | | | |
|---|---|---|---|
| | പരിശീലിപ്പിക്കുന്നതിനും വേണ്ടി സ്കൂൾ വിദ്യാർത്ഥികൾക്കായി ഒരു സമ്പാദ്യ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | | രണ്ട് രക്ഷാകർത്താക്കൾ, രണ്ട് അദ്ധ്യാപകർ, രണ്ട് വിദ്യാർത്ഥികൾ എന്നിവർ അടങ്ങുന്ന ഒരു ട്രസ്റ്റ് രൂപീകരിക്കേണ്ടതാണ്.<br>2.ട്രസ്റ്റ് യോഗം കൂടി സമ്പാദ്യ പദ്ധതി ആരംഭിക്കുന്നതിനുള്ള തീരുമാനമെടുക്കുകയും ടി ട്രസ്റ്റിന്റെ നടപടിക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവി, രണ്ട് വിദ്യാർത്ഥികൾ എന്നിവർ അംഗങ്ങളായി ട്രഷറിയിൽ സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം എന്ന പേരിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.<br>3.വിദ്യാർത്ഥികളുടെ സമ്പാദ്യ പദ്ധതിയിൽ അംഗങ്ങളാകുന്ന എല്ലാ വിദ്യാർത്ഥികൾക്കും അക്കൗണ്ട് നമ്പരും പാസ്സ്ബുക്കും ബന്ധപ്പെട്ട സ്ഥാപനം നൽകേണ്ടതാണ്.<br>4.വിദ്യാർത്ഥികൾ നിക്ഷേപിക്കുകയും പിൻവലിക്കുകയും ചെയ്യുന്ന തുകകൾ പാസ്സ്ബുക്കിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട ടീച്ചർ ഒപ്പുവയ്ക്കേണ്ടതാണ്.<br>5.ഓരോ വിദ്യാർത്ഥിക്കും അവരുടെ നിക്ഷേപത്തിന് നിലവിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് നിരക്ക് അനുസരിച്ച് വാർഷിക പലിശ നൽകേണ്ടതാണ്. സംസ്ഥാനത്ത് ഉദ്ദേശം മുന്നൂറ്റമ്പതോളം സ്കൂളുകളിൽ ടി പദ്ധതി ആരംഭിച്ചിട്ടുണ്ട്. ആയത് വിപുലീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

Ruja

സെക്ഷൻ ഓഫീസർ

4